സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ക്ഷേത്രങ്ങളിലെ അത്യാവശ്യ ചെലവുകൾക്ക് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് വിനിയോഗിക്കാവുന്ന തുകയുടെ പരിധി നിയന്ത്രണവിധേയമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5939/10/Est-I** നന്തൻകോട്, **22/03/2023**

---

പരാമർശം :– 1) 16–02–2011 ലെ മേൽ നമ്പർ ഉത്തരവ്.

2) 06–04–2016 ലെ ROC 87/16/Est നമ്പർ ഉത്തരവ്.

3) ദേവസ്വം കമ്മീഷണറുടെ 11–11–2022 ലെ ROC 24/22/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ക്ഷേത്രങ്ങളിലെ അടിയന്തിര പ്രാധാന്യമുള്ള ചെലവുകൾക്ക് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് വിനിയോഗിക്കുന്നതിന് അനുവാദമുള്ള തുകയുടെ പരിധി 10,000/– രൂപയായി വർദ്ധിപ്പിച്ചും ചെലവുകൾക്ക് അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ അംഗീകാരം നിർബന്ധമാക്കിയും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ടി തുക കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതിനാൽ ആയതിൽ ഏതെല്ലാം ചെലവുകൾ ഉൾപ്പെടുത്താമെന്നത് സംബന്ധിച്ച് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സ് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇക്കാര്യം സംബന്ധിച്ച പരാമർശം (1) ഉത്തരവിൽ അടിയന്തിര ചെലവുകളായി ഉൾപ്പെടുത്തിയിട്ടുള്ള പൊട്ടിയ ഓടുകൾ മാറ്റുക, ആഫീസിലേയും ദേവസ്വങ്ങളിലേയും ചെറിയ അറ്റകുറ്റപ്പണികൾ ചെയ്യുക എന്നിവ കൂടാതെ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കേടുപാടുകൾ, മുൻകൂട്ടി തീരുമാനിക്കാൻ കഴിയാത്ത ചെലവുകൾ തുടങ്ങിയവയ്ക്ക് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അനുവാദം വാങ്ങി 15,000/– രൂപ വരെ ചെലവഴിക്കുന്നതിന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് അനുവാദം നൽകാവുന്നതാണെന്ന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടതായും ഇത്തരത്തിലുള്ള ചെലവുകൾ ശുപാർശ ചെയ്യുന്നതിന് മുമ്പായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ പരിശോധിച്ച് സർട്ടിഫൈ ചെയ്യേണ്ടതാണെന്നും സബ്ഗ്രൂപ്പിലും ഗ്രൂപ്പിലും പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതാണെന്നും 5000/– രൂപയ്ക്ക് മുകളിൽ വരുന്ന ബില്ലുകൾ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അംഗീകാരത്തോടെ

(മറുപുറം)

മാത്രം ചെലവെഴുതി നൽകേണ്ടതാണെന്നും ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ റിമാർക്സിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം പരിഗണനാർഹമാകയാൽ ഇതുസംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –3).

ടി വിഷയം ബോർഡ് പരിശോധിച്ചു.

ദേവസ്വം കമ്മീഷണർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- ക്ഷേത്രങ്ങളിലേയും ആഫീസുകളിലേയും അടിയന്തിര പ്രാധാന്യമുള്ള ചെലവുകൾക്ക് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് വിനിയോഗിക്കുന്നതിന് അനുവാദമുള്ള തുകയുടെ പരിധി 10,000/– രൂപയിൽ നിന്നും 15,000/– രൂപയായി വർദ്ധിപ്പിക്കുന്നു.
- അടിയന്തിര ചെലവുകളായി പരാമർശം (1) ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളവയ്ക്ക് പുറമെ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കേടുപാടുകൾ, മുൻകൂട്ടി തീരുമാനിക്കാൻ കഴിയാത്ത ചെലവുകൾ എന്നിവ കൂടി ഉൾപ്പെടുത്തുന്നു. ആയത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ പരിശോധിച്ച് സർട്ടിഫൈ ചെയ്യേണ്ടതാണ്.
- ചെലവുകൾക്ക് അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
- **അടിയന്തിര പ്രാധാന്യമുള്ള ചെലവുകൾക്ക് ഗ്രൂപ്പിലും സബ്ഗ്രൂപ്പിലും പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.**
- **ഒരു ചെലവ് കണക്ക് സ്പ്ലിറ്റ് ചെയ്ത് അനുവദിക്കാൻ പാടില്ല**

**തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി**

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ് :–

1. **എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും**
2. **ഐ.റ്റി. സെക്ഷൻ**
3. **സെക്ഷൻ ഫയൽ**
4. **ഫയൽ ബുക്ക്**
5. **ഫെയർ ആഫീസ് കോപ്പി**

**അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്**

അസിസ്റ്റന്റ് സെക്രട്ടറി

**SK**